കേരളസർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ്- ഗ്രാമവികസനം - ജീവനക്കാര്യം - സെറിഫെഡിൽ നിന്നും സർക്കാർ സർവ്വീസിലേക്ക് പുനർവിന്യസിക്കപ്പെട്ട ജീവനക്കാർക്ക് അധിക ആനുകൂല്യങ്ങൾ അനുവദിച്ച സർക്കാർ ഉത്തരവ് -വ്യക്തത വരുത്തി - അനുബന്ധ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ( ഇആർബി) വകുപ്പ്**

**സർക്കാർ ഉത്തരവ് (എംഎസ്) നമ്പർ.108/14/തസ്വഭവ, തിരുവനന്തപുരം,തീയതി, 13.06.2014**

---

പരാമർശം:- 1. ജി.ഒ.(എം.എസ്)നം. 58/2010/ഐഡി, തീയതി 15.03.2010
2. ജി.ഒ.(എംഎസ്) നം.25/13/തസ്വഭവ, തീയതി 18.01.2013.
3. ഗ്രാമവികസന കമ്മീഷണറുടെ 13.03.2013 തീയതിയിലെ 1380/എസി ആന്റ് എഡി2/13/സിആർഡി നമ്പർ കത്ത്.
4. പഞ്ചായത്ത് ഡയറക്ടറുടെ 30.10.2013 തീയതിയിലെ ഇ10-38600/13 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (2) പ്രകാരം സെറിഫെഡിൽ നിന്നും സർക്കാർ സർവ്വീസിലേക്ക പുനർവിന്യസിക്കപ്പെട്ട ജീവനക്കാർക്ക് അധിക ആനുകൂല്യങ്ങൾ അനുവദിച്ച് സർക്കാ ഉത്തരവായിരുന്നു. പ്രസ്തുത ജീവനക്കാരുടെ ശമ്പള നിർണ്ണയം സംബന്ധിച്ച് പരാമർശം (3) (4) എന്നിവ പ്രകാരം ഗ്രാമവികസന കമ്മീഷണറും പഞ്ചായത്ത് ഡയറക്ടറും സ്പഷ്ടീകരണം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും പരാമർശം (2)ലെ ഉത്തരവിന് അനുബന്ധമായി താഴെ പറയും പ്രകാരം വ്യക്തത വരുത്തി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(a) 2004 ശമ്പള പരിഷ്കരണം prospective ആയി നൽകുന്നതാണെന്ന് ജീവനക്കാരെ പുനർവിന്യസിച്ചു കൊണ്ടുള്ള പരാമർശം (1)ലെ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ, ടി ജീവനക്കാർക്ക് ശമ്പള പരിഷ്കരണത്തിനുള്ള ഓപ്ഷൻ ആനുകൂല്യത്തിന് അർഹതയില്ല.

(b) പ്രസ്തുത ജീവനക്കാർക്ക് Retrospective ആയി 2004 ശമ്പള പരിഷ്കരണത്തെ തുടർന്ന് ശമ്പള നിർണ്ണയം നടത്തുവാൻ കഴിയുകയില്ല.

(c) പ്രസ്തുത ജീവനക്കാർക്ക് 2004 ശമ്പള പരിഷ്ക്കരണ ഉത്തരവിൽ സെറിഫെഡിലെ സേവനകാലയളവിലെ ഓരോ നാലു വർഷ കാലയളവിനും ഒരു ഇൻക്രിമെന്റ് വീതം വെയിറ്റേജ് അനുവദിച്ച് ശമ്പള നിർണ്ണയം നടത്താവുന്നതാണ്.

(d) പരാമർശം (2) പ്രകാരമുള്ള സർക്കാർ ഉത്തരവിൽ, തുടർന്നുള്ള ശമ്പള പരിഷ്കരണങ്ങളിലും സെറിഫെഡിലെ സർവ്വീസ് വെയിറ്റേജിന്

കണക്കാക്കാമെന്ന് ഉത്തരവായിട്ടുള്ളതിനാൽ, 2009 ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരവും പൂർത്തിയാക്കിയ ഓരോ വർഷത്തിനും $^1/_2$ ശതമാനം കണക്കാക്കി വെയിറ്റേജ് അനുവദിക്കാവുന്നതാണ്. (ഖണ്ഡിക -3 അനക്സർ II - G.O.(P)No.85/2011/Fin. dated 26.02.2011).

സെറിഫെഡിൽ നിന്നും സർക്കാർ സർവ്വീസിലേക്ക് പുനർവിന്യസിക്കപ്പെട്ട ജീവനക്കാർക്ക് സെറിഫെഡിൽ ലഭിച്ചു കൊണ്ടിരുന്ന അടിസ്ഥാന ശമ്പളത്തെ ആസ്പദമാക്കി സർക്കാർ സർവ്വീസിലേക്ക് പുനർവിന്യസിക്കപ്പെട്ട തീയതി മുതൽ, 2004-ലേയും 2009-ലേയും ശമ്പള പരിഷ്ക്കരണം പ്രകാരമുള്ള ശമ്പളം നിർണ്ണയിച്ച് നൽകാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
രാജൻ ഗൊബ്രഗഡെ
സെക്രട്ടറി (തദ്ദേശസ്വയംഭരണ വകുപ്പ്)

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കേരള ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം/തൃശ്ശൂർ
ധനകാര്യ വകുപ്പ് (യു.ഒ.നം.12120/ഡെവ.1/14/ധന, തീയതി 25.03.2014)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഡസ്ട്രീസ് (കെ) വകുപ്പ്
തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്
ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ.

പകർപ്പ് : ഗ്രാമവികസന വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പഞ്ചായത്തു വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ